

**week -2**

# The God who Writes

## എഴുതുന്ന ദൈവം (Job 13:26)

ബൾഗേറിയയിൽമറിയഎന്ന് പേരുള്ളഒരു ക്രിസ്തീയയുവതി , കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽആകൃഷ്ടയായി ക്രിസ്തീയവിശ്വാസത്തിനെതിരായി പ്രവർത്തിപ്പാൻ തുടങ്ങി. കമ്മ്യൂണിസ്റ്റ് തത്ത്വസംഹിതകൾസ്ഥാപിക്കുവാനും, വേദപുസ്തകത്തിനെതിരായിസംസാരിപ്പാനും പല വർഷംഅവൾ പരിശീലനം നേടി. നേടിയഅറിവ്ദൈവവചനത്തിനെതിരായി ഉപയോഗിച്ച് പാപം ചെയ്തു. സകലവുംഅവന്റെകണ്ണിന് നഗ്നവുംമലർന്നതുമാകയാൽ (എബ്രാ:4:13)മറിയയുടെ പാപം യഹോവകണ്ടുവെക്കുന്നു.

Read -Job(10:14)

കണ്ടുവെച്ചവൻ പാപിയുടെ പാപം കുറിച്ചുവെക്കുക മാത്രമല്ല പാപിയുടെകാലടികളുടെചുറ്റുംവരവരെക്കുന്നു. ഇത് അവരുടെവഴിയെ നിയന്ത്രിക്കുവാനാണ്.

Read -Job(13:27)

അകൃത്യങ്ങൾ,മുന്നറിയിപ്പുതന്നിട്ടുംമാറ്റാത്തവർക്കുള്ള ശിക്ഷ ഏറ്റവുംകൈപ്പായുള്ളത് അവൻ എഴുതിവെക്കുന്നു.

Read -Job(13:26)

മറിയയുടെജീവിതത്തിലുംകൈപ്പായുള്ളത്തന്നെ സംഭവിച്ചു. ഒരുദിവസംഘോരഘോരംസംസാരിച്ചുകൊണ്ടിരുന്നവൾ പെട്ടെന്ന്ആരാണ്വിളക്കണച്ചതെന്ന്തിരക്കി. സംഘാടകർ , ആരും അണച്ചില്ലഎന്ന് പറഞ്ഞപ്പോൾഅവൾതന്റെവിധിയെസ്വയംഅംഗീകരിച്ചു കൊണ്ട്"എന്റെകാഴ്ചനഷ്ടമായി"എന്ന്സ്വയം സമ്മതിച്ചു. ദുഷ്ടൻമാരുടെ വെളിച്ചംകെട്ടുപോകും . (Job18:5)നമുക്ക്യഹോവയുടെവെളിച്ചത്തിൽ നടക്കാം.

ദൈവത്തിന് എഴുതുവാൻ കഴിയും എന്നതിന്റെതെളിവായിവചനത്തിൽമൂന്ന് സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ഒന്നാമത്തെ സംഭവംദൈവത്തിന്റെവിരൽകൊണ്ട്എഴുതിയ രണ്ട് കല്പലകകൾ( സാക്ഷ്യപ്പലകകൾ) ആയിരുന്നു. അവ മോശയുടെകൈവശംകൊടുത്തു.

Read പുറ :(31:18),(32:16)

രണ്ടാമതായി അഹന്തമൂത്ത ബെൽശസ്സർ രാജാവ്യെരുശലേംദേവാലയത്തിലെ പാത്രങ്ങൾ ഉപയോഗിച്ച്വീഞ്ഞ്കുടിച്ചാനന്ദിച്ചപ്പോൾ അത്യന്തംകയ്പായ ന്യായവിധി രാജധാനിയുടെചുവരിന്റെവെള്ള മേൽഎഴുതി. എഴുതിയകൈപ്പത്തി രാജാവ്കാണുകയുംചെയ്തു, എഴുത്ത്ആരാമ്യഭാഷയിലായിരുന്നു.

Read ദാനി :(5:5), 25-28)

മൂന്നാമതായിദൈവത്തിന്റെഓമനപ്പുത്രൻ തന്റെവിരലുകൾകൊണ്ട് നിലത്തെഴുതിഒരുസ്ത്രീയെ , കല്ലെറിഞ്ഞു കൊല്ലാൻ വന്ന പുരുഷാരത്തിൽ നിന്ന്രക്ഷിച്ചു.

Read (യോഹ:8:6-8), യിരെ: (17:13)

തെറ്റുതിരുത്താൻ ദൈവംതരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ,സത്യ ത്തിന്റെവഴിയിൽ നടന്നാൽഅത്കണ്ടുവയ്ക്കുന്ന ദൈവംജീവന്റെ പുസ്തകത്തിൽ പേർ എഴുതുംഎന്ന്ഓർക്കുക. പഴയവഴികളെ പൂർണ്ണ മായിഉപേക്ഷിക്കുകഎന്നിട്ട് അവൻ നമുക്കായി നിശ്ചയിച്ച പരിധിക്കു ള്ളിൽജീവിക്കുംഎന്ന്തീരുമാനിക്കുക.

## പ്രാർത്ഥന

സർവ്വശക്തനും ,സർവ്വവ്യാപിയുമായദൈവമേ ! ഞങ്ങ ളുടെശ്വാസവുംഎല്ലാവഴികളുംഅങ്ങ് നിയന്ത്രിച്ച് നിത്യത യ്ക്കായിഞങ്ങളെഒരുക്കേണമേ. ദൈവികകരുതൽ ഞങ്ങളിൽകണ്ട് പരി ഹാസികൾ 'ഇത്ദൈവത്തിന്റെകരം'എന്ന് പറഞ്ഞ് പാപം ഉപേക്ഷി ക്കാൻ ഇടയാക്കേണമേഎന്ന് പ്രാർത്ഥിക്കുന്നു.

**ആമേൻ**

*Santhamma Varghese*